ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

ഇന്റേണൽ ആഡിറ്റ് നിയമനത്തിലെ ക്രമക്കേട്

65 (111) ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഡി.ഡബ്ല്യു.ആർ. ഡി.എം. എന്ന സ്ഥാപനത്തിൽ ഇന്റേണൽ ഓഡിറ്റർ നിയമനത്തിൽ ക്രമവിരുദ്ധമായി പെരുമാറിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ആർക്കെല്ലാമെതിരായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുക?

ഉത്തരം

(എ)&(ബി) ഇന്റേണൽ ഓഡിറ്റർ നിയമനത്തിൽ ഗുരുതരമായ ക്രമക്കേടുകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ച് ഉത്തരവാദികൾക്കെതിരെ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് നടപടി ത്വരിതപ്പെടുത്തുവാൻ ഉള്ള നിർദ്ദേശം നല്കിയിട്ടുണ്ട്

പെൻഷൻ പരിഷ്കരണം

66 (112) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവണ്മെന്റ് കേന്ദ്ര പെൻഷൻകാർക്ക് 5-ാം ശമ്പള കമ്മീഷന്റെ സ്കെയിലിൽതന്നെ, പഴയ പെൻഷൻകാരുടെ പെൻഷൻ പൊരുത്തപ്പെടുത്തി അതിന്റെ 50 ശതമാനം സർവ്വീസ് പെൻഷനും 30 ശതമാനം കുടുംബ പെൻഷനും അനുവദിച്ച് ഉത്തരവായിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് നമ്മുടെ സംസ്ഥാനത്തിന്റെ പരിഗണനയ്ക്ക് അയച്ചു തന്നിട്ടുണ്ടോ;

(സി) എങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) മറ്റു പല സംസ്ഥാനങ്ങളിലും ഇത് നടപ്പിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നമ്മുടെ സംസ്ഥാനത്തും ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly